**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 354** **18-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുറഞ്ഞ പ്രതിശീർഷ വരുമാനത്തിനിടയിലും മികച്ച സാമൂഹ്യ പുരോഗതി നേടാനായതിനാലാണ് മുൻകാലങ്ങളിൽ സംസ്ഥാനം പ്രസിദ്ധി നേടിയതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉയർന്ന പ്രതിശീർഷ വരുമാനമുള്ള ഇന്ത്യയിലെ ആദ്യ ഏഴ് സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 2023-24 ൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ ജി.എസ്.ഡി.പി. സ്ഥിര വിലയിൽ 5.5 ശതമാനം വർധിച്ച് 1,76,072 രൂപയായി. ദേശീയ ശരാശരി 1,24,600 രൂപയായിരിക്കുമ്പോഴാണ് സംസ്ഥാനം ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. ഈ കണക്ക് അനുസരിച്ച് കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം ദേശീയ ശരാശരിയേക്കാൾ 1.4 മടങ്ങ് കൂടുതലാണ്. സാക്ഷരത, ആയുർദൈർഘ്യം, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം, താഴ്ന്ന ജനന നിരക്ക്, കുറഞ്ഞ ശിശുമരണ നിരക്ക്, മുതലായ മാനവിക വികസന സൂചകങ്ങളിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ കഴിഞ്ഞ രണ്ട് ദശകങ്ങളായി കേരളം ഒന്നാമതാണ്.<br><br>മികച്ച സാമൂഹ്യ പുരോഗതി നേടാനായതിനാലാണ് മുൻകാലങ്ങളിൽ സംസ്ഥാനം പ്രസിദ്ധി നേടിയതെന്ന് നോബൽ സമ്മാന ജേതാവ് പ്രൊഫസർ അമർത്യസെൻ 'Development as Freedom' എന്ന പുസ്തകത്തിലും കേരളത്തിന്റെ ധനകാര്യ മേഖലയെക്കുറിച്ച് ആധികാരിക പഠനം നടത്തിയ പ്രൊഫസർ കെ.കെ.ജോർജ് 'Limits to Kerala Model of Development' എന്ന പുസ്തകത്തിലും പ്രൊഫസർ എം. എ. ഉമ്മൻ 'Rethinking Development : Kerala's Development Experience' എന്ന പുസ്തകത്തിലും വിലയിരുത്തിയിട്ടുണ്ട്.<br><br>നീതി ആയോഗിന്റെ 2023-ലെ മൾട്ടി ഡൈമെൻഷണൽ പോവർട്ടി ഇൻഡക്സ് പ്രകാരം ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി (സ്കോർ 0.002) തുടർച്ചയായി രണ്ടാമതും കേരളം തിരഞ്ഞെടുക്കപ്പെട്ടു. 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG) ഇന്ത്യ ഇൻഡക്സ് 2023-24 ൽ' തുടർച്ചയായ നാലാം വർഷവും (സ്കോർ 79) കേരളം |

| | | | |
|---|---|---|---|
| | | | ഒന്നാമതാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങളായ വിശപ്പരഹിതം (സ്കോർ-84), ഗുണനിലവാരമുള്ള വിദ്യാഭ്യാസം (സ്കോർ-82) എന്നിവയിൽ കേരളമാണ് ഏറ്റവും മുന്നിലുള്ള സംസ്ഥാനം.<br><br>കേന്ദ്ര സർക്കാർ അംഗീകരിച്ച സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഭൂരിഭാഗവും കേരളം ഇതിനോടകംതന്നെ നേടിയിട്ടുണ്ട്. ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024 ൽ തൊഴിൽ ചെയ്യാൻ താൽപ്പര്യമുള്ള സ്ത്രീകളും പുരുഷന്മാരും ജോലി ചെയ്യാൻ ഏറ്റവും ഇഷ്ടപ്പെടുന്ന സംസ്ഥാനമായി കേരളത്തെ കണ്ടെത്തിയിരിക്കുന്നു. 'സ്റ്റേറ്റ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാൻ (SBRAP) 2022 അനുസരിച്ച് കേരളം മുപ്പതിൽ ഒൻപത് പരിഷ്കരണ രംഗങ്ങളിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെച്ചതായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. 2023-24 ൽ സംസ്ഥാന സമ്പദ് വ്യവസ്ഥ ശക്തമായ വളർച്ച കൈവരിച്ചു. 2022-23 ലെ 2.2 ശതമാനാവുമായി താരതമ്യം ചെയ്യുമ്പോൾ ജിസ്ഡിപി 6.5 ശതമാനം (ത്വരിത കണക്കുകൾ) വളർച്ച നേടി. 2011-12 ലെ സ്ഥിര വിലകൾ അടിസ്ഥാനപ്പെടുത്തി നോക്കിയാൽ 2022-23 ൽ 5.3 ശതമാനമായിരുന്ന മൊത്ത സംസ്ഥാന മൂല്യ വർദ്ധന (ജിഎസ്‌വിഎ) 2023-24 ൽ 7.2 ശതമാനമായി വർദ്ധിച്ചിട്ടുമുണ്ട്. |
| (ബി) | എന്നാൽ ഇന്ന് കേരളത്തെ പ്രസിദ്ധമാക്കുന്നത് ദ്രുതഗതിയിലുള്ള സാമ്പത്തിക വികാസവും വരുമാനാർജനവുമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; ഏറ്റവും ഉയർന്ന പ്രതിശീർഷ വരുമാനമുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഏഴാം സ്ഥാനം കൈവരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉയർന്ന പ്രതിശീർഷ വരുമാനമുള്ള ഇന്ത്യയിലെ ആദ്യ ഏഴ് സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 2023-24 ൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ ജി.എസ്.ഡി.പി. സ്ഥിര വിലയിൽ 5.5 ശതമാനം വർധിച്ച് 1,76,072 രൂപയായി. ദേശീയ ശരാശരി 1,24,600 രൂപയായിരിക്കുമ്പോഴാണ് സംസ്ഥാനം ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. ഈ കണക്ക് അനുസരിച്ച് കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം ദേശീയ ശരാശരിയേക്കാൾ 1.4 മടങ്ങ് കൂടുതലാണ്. സാക്ഷരത, ആയുർദൈർഘ്യം, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം, താഴ്ന്ന ജനന നിരക്ക്, കുറഞ്ഞ ശിശുമരണ നിരക്ക്, മുതലായ മാനവിക വികസന സൂചകങ്ങളിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ കഴിഞ്ഞ രണ്ട് ദശകങ്ങളായി കേരളം ഒന്നാമതാണ്.<br><br>മികച്ച സാമൂഹ്യ പുരോഗതി നേടാനായതിനാലാണ് മുൻകാലങ്ങളിൽ സംസ്ഥാനം പ്രസിദ്ധി നേടിയതെന്ന് നോബൽ സമ്മാന ജേതാവ് പ്രൊഫസർ അമർത്യസെൻ 'Development as Freedom' എന്ന പുസ്തകത്തിലും കേരളത്തിന്റെ ധനകാര്യ മേഖലയെക്കുറിച്ച് ആധികാരിക പഠനം നടത്തിയ പ്രൊഫസർ കെ.കെ.ജോർജ് 'Limits to Kerala Model of Development' എന്ന പുസ്തകത്തിലും പ്രൊഫസർ എം. എ. ഉമ്മൻ 'Rethinking Development : Kerala's |

| | | | |
|---|---|---|---|
| | | | Development Experience' എന്ന പുസ്തകത്തിലും വിലയിരുത്തിയിട്ടുണ്ട്.<br><br>നീതി ആയോഗിന്റെ 2023-ലെ മൾട്ടി ഡൈമെൻഷണൽ പോവർട്ടി ഇൻഡക്സ് പ്രകാരം ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി (സ്കോർ 0.002) തുടർച്ചയായി രണ്ടാമതും കേരളം തിരഞ്ഞെടുക്കപ്പെട്ടു. 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG) ഇന്ത്യ ഇൻഡക്സ് 2023-24 ൽ' തുടർച്ചയായ നാലാം വർഷവും (സ്കോർ 79) കേരളം ഒന്നാമതാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങളായ വിശപ്പുരഹിതം (സ്കോർ-84), ഗുണനിലവാരമുള്ള വിദ്യാഭ്യാസം (സ്കോർ-82) എന്നിവയിൽ കേരളമാണ് ഏറ്റവും മുന്നിലുള്ള സംസ്ഥാനം.<br><br>കേന്ദ്ര സർക്കാർ അംഗീകരിച്ച സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഭൂരിഭാഗവും കേരളം ഇതിനോടകംതന്നെ നേടിയിട്ടുണ്ട്. ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024 ൽ തൊഴിൽ ചെയ്യാൻ താൽപ്പര്യമുള്ള സ്ത്രീകളും പുരുഷന്മാരും ജോലി ചെയ്യാൻ ഏറ്റവും ഇഷ്ടപ്പെടുന്ന സംസ്ഥാനമായി കേരളത്തെ കണ്ടെത്തിയിരിക്കുന്നു. 'സ്റ്റേറ്റ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാൻ (SBRAP) 2022 അനുസരിച്ച് കേരളം മുപ്പതിൽ ഒൻപത് പരിഷ്കരണ രംഗങ്ങളിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെച്ചതായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. 2023-24 ൽ സംസ്ഥാന സമ്പദ് വ്യവസ്ഥ ശക്തമായ വളർച്ച കൈവരിച്ചു. 2022-23 ലെ 2.2 ശതമാനാവുമായി താരതമ്യം ചെയ്യുമ്പോൾ ജിസ്ഡിപി 6.5 ശതമാനം (ത്വരിത കണക്കുകൾ) വളർച്ച നേടി. 2011-12 ലെ സ്ഥിര വിലകൾ അടിസ്ഥാനപ്പെടുത്തി നോക്കിയാൽ 2022-23 ൽ 5.3 ശതമാനമായിരുന്ന മൊത്ത സംസ്ഥാന മൂല്യ വർദ്ധന (ജിഎസ്‌വിഎ) 2023-24 ൽ 7.2 ശതമാനമായി വർദ്ധിച്ചിട്ടുമുണ്ട്. |
| (സി) | സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കിടയിലേക്കും വികസന നേട്ടങ്ങൾ എത്തിച്ചേരുന്ന സാമ്പത്തിക വളർച്ചാ പ്രക്രിയ കേരളത്തിലുണ്ടായിട്ടുണ്ടോ; ഇത് ഉൽപ്പാദന മേഖലകളെ അടിസ്ഥാനമാക്കിയ പുതിയ വളർച്ചാ ഘട്ടത്തിലേക്കുള്ള കുതിച്ചുചാട്ടത്തിന് വഴിയൊരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്.എല്ലാവിഭാഗം ജനവിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന വികസനമാണ് സംസ്ഥാനത്തുള്ളത്. നീതി ആയോഗിന്റെ റിപ്പോർട്ട് അനുസരിച്ച് ദരിദ്രർ ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ ഇൻഡക്സ് 0.355 ആണെങ്കിൽ ദേശീയ ശരാശരി 14.9 ആണ്. എല്ലാ വിഭാഗങ്ങളിലും വികസന നേട്ടങ്ങൾ എത്തിയതിനാലാണ് നീതി ആയോഗിന്റെ കണക്കനുസരിച്ച് മാനവവികസന സൂചികയിലും സുസ്ഥിര വികസന സൂചികയിലും കേരളം മറ്റ് സംസ്ഥാനങ്ങളെക്കാൾ ഉയർന്ന് നിൽക്കുന്നത്.<br><br>ഉൽപ്പാദന മേഖലകളുടെ അവികസിത അവസ്ഥയിലേക്ക് നയിക്കുന്ന ഘടകങ്ങളെ അഭിസംബോധന ചെയ്യുന്നതിനും, സാമ്പത്തിക തന്ത്രത്തെ ജനങ്ങളുടെയും സമൂഹത്തിന്റെയും ഭാവി ആവശ്യങ്ങളുമായി സംയോജിപ്പിക്കുന്നതിന് സമീപ കാലത്തുള്ള ബജറ്റുകളിലൂടെ പ്രത്യേക ഊന്നലാണ് സംസ്ഥാനം സ്വീകരിച്ചു വരുന്നത്. കേരളത്തെ ഒരു |

| | | | |
|---|---|---|---|
| | | | വിജ്ഞാന സമ്പദ് വ്യവസ്ഥയാക്കി മാറ്റാനുള്ള നടപടികൾ സർക്കാർ ഇതിനകം തന്നെ കൈക്കൊണ്ടിട്ടുണ്ട്. കേരളത്തിലെ ഉൽപാദന മേഖലകളിലെ അവികസിതാവസ്ഥ പരിഹരിക്കുന്നതിന്, കൃഷി, മത്സ്യബന്ധനം, തുണിത്തരങ്ങൾ തുടങ്ങിയ പ്രധാന വ്യവസായങ്ങളിൽ നവീകരണവും സാങ്കേതികവിദ്യയും സ്വീകരിക്കുന്നത് പ്രോത്സാഹിപ്പിക്കുക, അടിസ്ഥാന സൗകര്യ വികസനം വർദ്ധിപ്പിക്കുക, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എസ്എംഇ) എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കുക, നിലവിലുള്ള ഐടി മേഖലയെ മറ്റ് വ്യവസായങ്ങളുമായി ബന്ധം സൃഷ്ടിക്കുന്നതിന് പ്രയോജനപ്പെടുത്തുക, വ്യവസായ ആവശ്യങ്ങൾക്ക് അനുയോജ്യമായ നൈപുണ്യ വികസന പരിപാടികൾ നടപ്പിലാക്കുക തുടങ്ങിയവയിൽ സംസ്ഥാനം പ്രത്യേക ഊന്നൽ നൽകി വരുന്നുണ്ട്.<br><br>ഉൽപാദന മേഖലയിൽ അത്യാധുനിക ശാസ്ത്ര-സാങ്കേതികവിദ്യകൾ പ്രയോഗിച്ചുകൊണ്ടും യുവാക്കൾക്ക് ആധുനിക തൊഴിൽ വൈദഗ്ധ്യം നൽകി കൊണ്ടും, ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടുത്തിയും ആധുനികവത്ക്കരണവും സംരംഭകത്വവും പ്രോത്സാഹിപ്പിച്ചും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ ഉയർന്ന വളർച്ചാ പാതയിലേക്ക് നയിക്കുക എന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നത്. ഒരു വിജ്ഞാന സമൂഹമായും വിജ്ഞാന സമ്പദ് വ്യവസ്ഥയായും വളരുന്നതിന് സംസ്ഥാനത്തെ സഹായിക്കുന്നതിനുള്ള തന്ത്രമായിട്ടാണ് ഇതിനെ വിഭാവനം ചെയ്തിരിക്കുന്നത്.<br><br>ശാസ്ത്രം, സാങ്കേതികവിദ്യ, ആധുനിക വൈദഗ്ധ്യം, നൂതനത്വം എന്നിവയിൽ ഊന്നിക്കൊണ്ടുള്ള ഉൽപാദന മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തിയും സാമൂഹിക നിക്ഷേപം, സാമൂഹിക ക്ഷേമം, ലിംഗനീതി എന്നിവ മെച്ചപ്പെടുത്തിയും എല്ലാവരേയും ഉൾക്കൊള്ളുന്ന സുസ്ഥിരമായ വളർച്ച ഉറപ്പാക്കുകയും ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം നൽകുകയും, സാമ്പത്തിക വളർച്ച കൈവരിക്കുകയും ചെയ്യുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. |
| (ഡി) | ഉൽപ്പാദന മേഖലകളുടെ അവികസിത അവസ്ഥയിലേക്ക് നയിക്കുന്ന ഘടകങ്ങളെ അഭിസംബോധന ചെയ്യുന്നതിനും സാമ്പത്തിക തന്ത്രത്തെ ജനങ്ങളുടെയും സമൂഹത്തിന്റെയും ഭാവി ആവശ്യങ്ങളുമായി സംയോജിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്.എല്ലാവിഭാഗം ജനവിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന വികസനമാണ് സംസ്ഥാനത്തുള്ളത്. നീതി ആയോഗിന്റെ റിപ്പോർട്ട് അനുസരിച്ച് ദരിദ്രർ ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ ഇൻഡക്സ് 0.355 ആണെങ്കിൽ ദേശീയ ശരാശരി 14.9 ആണ്. എല്ലാ വിഭാഗങ്ങളിലും വികസന നേട്ടങ്ങൾ എത്തിയതിനാലാണ് നീതി ആയോഗിന്റെ കണക്കനുസരിച്ച് മാനവവികസന |

സൂചികയിലും സുസ്ഥിര വികസന സൂചികയിലും കേരളം മറ്റ് സംസ്ഥാനങ്ങളെക്കാൾ ഉയർന്ന് നിൽക്കുന്നത്.

ഉൽപ്പാദന മേഖലകളുടെ അവികസിത അവസ്ഥയിലേക്ക് നയിക്കുന്ന ഘടകങ്ങളെ അഭിസംബോധന ചെയ്യുന്നതിനും, സാമ്പത്തിക തന്ത്രത്തെ ജനങ്ങളുടെയും സമൂഹത്തിന്റെയും ഭാവി ആവശ്യങ്ങളുമായി സംയോജിപ്പിക്കുന്നതിന് സമീപ കാലത്തുള്ള ബജറ്റുകളിലൂടെ പ്രത്യേക ഊന്നലാണ് സംസ്ഥാനം സ്വീകരിച്ചു വരുന്നത്. കേരളത്തെ ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയാക്കി മാറ്റാനുള്ള നടപടികൾ സർക്കാർ ഇതിനകം തന്നെ കൈക്കൊണ്ടിട്ടുണ്ട്. കേരളത്തിലെ ഉൽപാദന മേഖലകളിലെ അവികസിതാവസ്ഥ പരിഹരിക്കുന്നതിന്, കൃഷി, മത്സ്യബന്ധനം, തുണിത്തരങ്ങൾ തുടങ്ങിയ പ്രധാന വ്യവസായങ്ങളിൽ നവീകരണവും സാങ്കേതികവിദ്യയും സ്വീകരിക്കുന്നത് പ്രോത്സാഹിപ്പിക്കുക, അടിസ്ഥാന സൗകര്യ വികസനം വർദ്ധിപ്പിക്കുക, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എസ്എംഇ) എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കുക, നിലവിലുള്ള ഐടി മേഖലയെ മറ്റ് വ്യവസായങ്ങളുമായി ബന്ധം സൃഷ്ടിക്കുന്നതിന് പ്രയോജനപ്പെടുത്തുക, വ്യവസായ ആവശ്യങ്ങൾക്ക് അനുയോജ്യമായ നൈപുണ്യ വികസന പരിപാടികൾ നടപ്പിലാക്കുക തുടങ്ങിയവയിൽ സംസ്ഥാനം പ്രത്യേക ഊന്നൽ നൽകി വരുന്നുണ്ട്.

ഉൽപാദന മേഖലയിൽ അത്യാധുനിക ശാസ്ത്ര-സാങ്കേതികവിദ്യകൾ പ്രയോഗിച്ചുകൊണ്ടും യുവാക്കൾക്ക് ആധുനിക തൊഴിൽ വൈദഗ്ധ്യം നൽകി കൊണ്ടും, ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടുത്തിയും ആധുനികവത്ക്കരണവും സംരംഭകത്വവും പ്രോത്സാഹിപ്പിച്ചും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ ഉയർന്ന വളർച്ചാ പാതയിലേക്ക് നയിക്കുക എന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നത്. ഒരു വിജ്ഞാന സമൂഹമായും വിജ്ഞാന സമ്പദ് വ്യവസ്ഥയായും വളരുന്നതിന് സംസ്ഥാനത്തെ സഹായിക്കുന്നതിനുള്ള തന്ത്രമായിട്ടാണ് ഇതിനെ വിഭാവനം ചെയ്തിരിക്കുന്നത്.

ശാസ്ത്രം, സാങ്കേതികവിദ്യ, ആധുനിക വൈദഗ്ധ്യം, നൂതനത്വം എന്നിവയിൽ ഊന്നിക്കൊണ്ടുള്ള ഉൽപാദന മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തിയും സാമൂഹിക നിക്ഷേപം, സാമൂഹിക ക്ഷേമം, ലിംഗനീതി എന്നിവ മെച്ചപ്പെടുത്തിയും എല്ലാവരേയും ഉൾക്കൊള്ളുന്ന സുസ്ഥിരമായ വളർച്ച ഉറപ്പാക്കുകയും ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം നൽകുകയും, സാമ്പത്തിക വളർച്ച കൈവരിക്കുകയും ചെയ്യുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

സെക്ഷൻ ഓഫീസർ